## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1995 — 22/03/2012 ൽ മറുപടിക്ക്

### പെട്രോൾ - ഡീസൽ അധിക നികുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. കെ. ശിവദാസൻ നായർ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാനത്തിനു ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചതിലൂടെ എത്ര രൂപയാണ് നഷ്ടമായത്; | (എ) 2011 മേയ് 11നും, സെപ്റ്റംബർ 16നും, നവംബർ 3നും പെട്രോളിന്റെയും 2011 ജൂൺ 25 ന് ഡീസലിന്റെയും വില വർദ്ധിപ്പിച്ചപ്പോൾ വർദ്ധിപ്പിച്ച വിലയിന്മേലുള്ള അധിക നികുതി വേണ്ടെന്ന് വച്ചതിലൂടെ പ്രതിവർഷം ലഭിക്കുമായിരുന്ന 459 കോടി രൂപയാണ് നഷ്ടമായത്. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് പെട്രോൾ - ഡീസൽ വില വർദ്ധനവിലൂടെ അധിക നികുതി വകയിൽ എത്ര രൂപയാണ് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് മൂലം നികുതിയിനത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 668.07 കോടി രൂപയുടെ വരുമാനവർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ